"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കാസറഗോഡ് ജില്ലാ ഓഫീസിൽ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവേ 14.03.2022 - ൽ മരണമടഞ്ഞ ശ്രീ. സുനിൽ കുമാർ ടി. വി - യുടെ മകനായ ശ്രീ. നീരജ് എസ്. എസ്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി അപേക്ഷ പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്

സ.ഉ.(സാധാ) നം.5156/2024/GAD തീയതി,തിരുവനന്തപുരം, 21-11-2024

---

പരാമർശം:-
1. 24.05.1999 - ലെ സ.ഉ.(പി) നം.12/99/P&ARD നമ്പർ ഉത്തരവ്.
2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 25.06.2024, 10.10.2024, തീയതികളിലെ എസ്റ്റാ.2-3/22/2024-കെ.പി.എസ്.സി നമ്പർ കത്ത്.
3. ശ്രീ. നീരജ് എസ്. എസ് സമർപ്പിച്ച 19.09.2024 — ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കാസറഗോഡ് ജില്ലാ ഓഫീസിൽ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവേ 14.03.2022 - ൽ മരണമടഞ്ഞ ശ്രീ. സുനിൽ കുമാർ ടി. വി - യുടെ മകൻ ശ്രീ. നീരജ് എസ്. എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതുമായി സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം ലഭ്യമാക്കിയിരുന്നു. പ്രസ്തുത അപേക്ഷ സമർപ്പിക്കുന്നതിൽ അപേക്ഷകൻ 22 ദിവസം കാലതാമസം വരുത്തിയതായി അപേക്ഷ പരിശോധിക്കുന്ന വേളയിൽ കണ്ടെത്തിയിരുന്നു. പ്രസ്തുത കാലതാമസം മാപ്പാക്കി അപേക്ഷ പരിഗണിക്കണമെന്ന് പരാമർശം (3) പ്രകാരം അപേക്ഷകൻ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കാസറഗോഡ് ജില്ലാ ഓഫീസിൽ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവേ 14.03.2022 - ൽ മരണമടഞ്ഞ ശ്രീ. സുനിൽ കുമാർ ടി. വി - യുടെ മകൻ ശ്രീ. നീരജ് എസ്.എസ്., സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി 05.04.2024 - ൽ സമർപ്പിച്ച അപേക്ഷ, പരാമർശം (1) - ലെ വ്യവസ്ഥകൾ

പാലിച്ച് സമർപ്പിക്കുന്നതിലുണ്ടായ ഇരുപത്തി രണ്ട് (22) ദിവസത്തെ കാലതാമസം മാപ്പാക്കി, ടിയാൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് നേടിയിരുന്ന വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള തസ്തികയിലേക്ക് അപേക്ഷ പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
ശ്രീ. നീരജ് എസ്.എസ്, എസ്. എസ് നിലയം, ചായത്ത്, നീലേശ്വരം, കാസറഗോഡ് - 671314.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ , (എ&ഇ) കേരള, തിരുവനന്തപുരം
വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 21-11-2024 13:52:01
സെക്ഷൻ ഓഫീസർ